A

**1005**

# സമഗ്രശിക്ഷാ, കേരളം

## ആത്യന്തിക വിലയിരുത്തൽ - II, 2025 – 2026

# സാമൂഹ്യശാസ്ത്രം

ക്ലാസ് : X

സമയം : 2 $^1/_2$ മണിക്കൂർ

ആകെ സ്കോർ : 80

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- ഓരോ വിഭാഗത്തിലും ചോയിസ് ഉള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനുമാത്രം ഉത്തരമെഴുതിയാൽ മതി.
- 28-ാം നമ്പർ ചോദ്യത്തിന് ഉത്തരം നൽകാൻ ഇതോടൊപ്പം ചേർത്തിരിക്കുന്ന ലോകഭൂപടരൂപ രേഖ (പേജ് 5) ഉപയോഗപ്പെടുത്തേണ്ടതാണ്.

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം. (8 x1 = 8)**

1. ചുവടെ നൽകിയിരിക്കുന്നവയിൽ ശരിയായ ജോഡികൾ കണ്ടെത്തുക.

   i. 1948 ലെ ഭാഷാപ്രവിശ്യാകമ്മീഷൻ - എസ്.കെ. ധർ
   ii. ആന്ധ്രാ സംസ്ഥാന രൂപീകരണം - വി.പി. മേനോൻ
   iii. സംസ്ഥാന പുനഃസംഘടന കമ്മീഷൻ - പട്ടാഭി സീതാരാമയ്യ
   iv. ലയനക്കരാർ - സർദാർ വല്ലഭ്ഭായ് പട്ടേൽ

   A) i, iv  B) ii, iii  C) i, iii  D) iii, iv

2. നിസ്സഹകരണ സമരം പിൻവലിച്ച ഗാന്ധിജിയുടെ തീരുമാനത്തെ 'ദേശീയ ദുരന്തം' എന്ന് വിശേഷിപ്പിച്ചതാര്?

   A) മോത്തിലാൽ നെഹ്റു  B) സി.ആർ. ദാസ്
   C) സർദാർ വല്ലഭ്ഭായ് പട്ടേൽ  D) സുഭാഷ് ചന്ദ്രബോസ്

3. ഭൂമധ്യരേഖാകാലാവസ്ഥാമേഖലയുമായി ബന്ധപ്പെട്ട ശരിയായ ജോഡികൾ തിരഞ്ഞെടുക്കുക?

   a. വടക്കേ അമേരിക്ക - കൊളംബിയ
   b. ഏഷ്യ - സുഡാൻ
   c. തെക്കേ അമേരിക്ക - ബ്രസീൽ
   d. ആഫ്രിക്ക - ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ

   A) a, d  B) a,b  C) a, c  D) c, d

4. വ്യാജവാർത്തകളും സന്ദേശങ്ങളും പ്രചരിക്കുന്നതിനെ പ്രതിരോധിക്കാൻ സ്വീകരിക്കേണ്ട മാർഗങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

   A) വാർത്തകളുടെയും സന്ദേശങ്ങളുടെയും സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി യഥാർഥ ഉറവിടം കണ്ടെത്തൽ.
   B) ലഭിക്കുന്ന വാർത്തകൾ അതേപടി സാമൂഹികമാധ്യമങ്ങളിൽ പങ്കുവയ്ക്കൽ.
   C) വ്യാജവാർത്തകളും സന്ദേശങ്ങളുമാണ് എന്ന് തിരിച്ചറിയുന്ന പക്ഷം അത് മറ്റുള്ളവരുമായി പങ്കിടാതിരിക്കൽ
   D) സൈബർസെൽ പോലുള്ള ഔദ്യോഗിക സംവിധാനങ്ങളെ അറിയിക്കൽ

5. മതനവീകരണവുമായി ബന്ധപ്പെട്ട ശരിയായ ജോഡികൾ കണ്ടെത്തുക?

   a) മാർട്ടിൻ ലൂഥർ - ജർമ്മനി
   b) ജോൺകാൽവിൻ - ഇറ്റലി
   c) ഹെൻറി എട്ടാമൻ - ഇംഗ്ലണ്ട്
   d) ഉൾറിച്ച് സ്വിംഗ്ളി - സ്വിറ്റ്സർലണ്ട്

   A) a, b, c  B) b, c, d  C) a, c, d  D) a, b, d

6. ചുവടെ നൽകിയിരിക്കുന്നവയിൽ മന്ദചലനത്തിന് ഉദാഹരണമേത്?

A) ഭൂകമ്പങ്ങൾ  B) അഗ്നിപർവത പ്രവർത്തനങ്ങൾ

C) പർവത രൂപീകരണപ്രക്രിയ  D) ഉരുൾപൊട്ടൽ

7. സാങ്കേതിക സൗകര്യങ്ങളുടെ ഫലമായി ബാങ്കിങ് മേഖലയിലുണ്ടായ ചില പണമിടപാട് സംവിധാനങ്ങളാണ് ചുവടെ നൽകിയിട്ടുള്ളത്. ശരിയായി പുനഃക്രമീകരിക്കുക.

| | |
|---|---|
| a) നാഷണൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ സിസ്റ്റം (NEFT) | i. അക്കൗണ്ട് ഉടമകൾ തമ്മിൽ വലിയ തുകകൾ കൈമാറ്റം ചെയ്യാൻ |
| b) റിയൽ ടൈം ഗ്രോസ് സെറ്റിൽമെന്റ് (RTGS) | ii. തങ്ങളുടെ ബാങ്ക് അക്കൗണ്ട് ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴി ബന്ധിപ്പിച്ച് ലളിതവും സുരക്ഷിതവുമായ ഇടപാടുകൾ നടത്താൻ |
| c) യൂണിവേഴ്സൽ പേയ്മെന്റ് ഇന്റർഫേസ് (UPI) | iii. അക്കൗണ്ട് ഉടമകൾ തമ്മിലുള്ള ബാങ്കിങ് ഇടപാടുകൾ എളുപ്പത്തിലും വേഗത്തിലുമാക്കാൻ. |

A) a – i, b – iii, c – ii  B) a – ii, b – iii, c – i  C) a – iii, b – i, c – ii  D) a – iii, b – ii, c – i

8. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളെ ശരിയായവ എന്നും തെറ്റായവ എന്നും തരംതിരിക്കുക.

a. ഒന്നാം ലോകയുദ്ധത്തിന് ശേഷമാണ് സർവരാജ്യസഖ്യം രൂപം കൊണ്ടത്.

b. അഡോൾഫ് ഹിറ്റ്ലർ കരിങ്കുപ്പായക്കാർ എന്ന സായുധസംഘത്തെ രൂപീകരിച്ചു.

c. സോവിയറ്റ് യൂണിയനും അമേരിക്കയും അച്ചുതണ്ട് ശക്തികളുടെ ഭാഗമായി മാറി.

d. ജർമനിയിൽ രൂപംകൊണ്ട രഹസ്യപോലീസ് സേനയാണ് ഗസ്റ്റപ്പോ.

A) a, b ശരി  c, d തെറ്റ്  B) a, d ശരി  b, c തെറ്റ്

C) c, d ശരി  a, b തെറ്റ്  D) b, d ശരി  a, c തെറ്റ്

**9 മുതൽ 16 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിൽ കൂടുതലോ വാചകങ്ങളിൽ ഉത്തരമെഴുതണം. 2 സ്കോർ വീതം. (8 x 2 = 16)**

9. A) മധ്യകാലത്തെയും നവോത്ഥാനകാലത്തെയും ചിത്രകലാശൈലികൾ താരതമ്യം ചെയ്യുക.

**അല്ലെങ്കിൽ**

B) ദാന്തെയുടെ 'ഡിവൈൻ കോമഡി'യുടെ പ്രാധാന്യം നവോത്ഥാന മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

10. (A)




a. ചിത്രത്തിൽ സൂചിപ്പിച്ചിട്ടുള്ളത് ഏത് തരം മഴയാണ്?

b. ഈ മഴ രൂപപ്പെടുന്നതെങ്ങനെ?

**അല്ലെങ്കിൽ**

(B) ഉത്തര-ദക്ഷിണാർധ ഗോളങ്ങളിൽ ചക്രവാതങ്ങളിലും പ്രതിചക്രവാതങ്ങളിലും കാറ്റിന്റെ സഞ്ചാരഗതി എപ്രകാരം വ്യത്യാസപ്പെടുന്നു?

11. (A) സാമാന്യബോധജ്ഞാനത്തിലൂടെ വ്യക്തിഗതപ്രശ്നങ്ങളെയോ സങ്കീർണ്ണമായ സാമൂഹിക പ്രശ്നങ്ങളെയോ പൂർണ്ണമായി മനസ്സിലാക്കാൻ കഴിയില്ല. പാർപ്പിടമില്ലായ്മ എന്ന പ്രശ്നത്തെ അടിസ്ഥാനമാക്കി പ്രസ്താവന സാധൂകരിക്കുക.

**അല്ലെങ്കിൽ**

(B) സ്വയംപ്രതിഫലനം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്? സമൂഹശാസ്ത്രസങ്കല്പത്തിൽ സ്വയംപ്രതിഫലനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.

12. (A) ഉപയുക്തത വ്യക്തിയധിഷ്ഠിതമാകുന്നതെങ്ങനെ? ഉദാഹരണത്തിലൂടെ വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(B) നന്ദുവിന് ഒരു സ്ഥാപനം വിദേശത്ത് നല്ലൊരു ജോലി വാഗ്ദാനം ചെയ്തു. എന്നാൽ വിദേശത്ത് എത്തിയപ്പോൾ വാഗ്ദാനം ചെയ്ത ജോലിയല്ല കിട്ടിയത്. ഇത്തരം കബളിപ്പിക്കലുകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കാവുന്ന മാർഗങ്ങൾ എന്തെല്ലാം?

13. എന്താണ് പണത്തിന്റെ ചാക്രിക പ്രവേഗം? ഇത് സാമ്പത്തികവളർച്ചയെ ഏതൊക്കെ രീതിയിൽ സ്വാധീനിക്കുന്നു?

14. പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ പ്രതിപക്ഷ പാർട്ടികൾ വഹിക്കുന്ന പങ്ക് വ്യക്തമാക്കുക.

15. ക്യാബിനറ്റ് മിഷന്റെ പ്രധാന നിർദേശങ്ങൾ എഴുതുക.

16. വാണിജ്യബാങ്കുകളുടെ വരുമാനത്തിൽ സ്പ്രെഡ് (Spread) എന്നതുകൊണ്ട് അർഥമാക്കുന്നത് എന്ത്?

**17 മുതൽ 22 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ അതിൽ കൂടുതലോ വാചകങ്ങളിൽ ഉത്തരമെഴുതണം. 3 സ്കോർ വീതം. (6 x 3 = 18)**

17. അഗ്നിപർവതങ്ങൾ അപകടകാരികളാണെങ്കിലും അഗ്നിപർവത മേഖലകളിൽ ആളുകൾ താമസിക്കുന്നതെന്തുകൊണ്ട്?

18. നിയമലംഘനസമരത്തിൽ ചുവടെ നൽകിയിരിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ പങ്കാളിത്തം വ്യക്തമാക്കുക.

- സ്ത്രീകൾ
- ഗോത്രജനത
- തൊഴിലാളികൾ

19. (A) ഭൂമധ്യരേഖാകാലാവസ്ഥാപ്രദേശങ്ങൾ വൃക്ഷനിബിഡമാണെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ അവയെ ചൂഷണം ചെയ്യുക എന്നത് ഏറെ ദുഷ്കരമാണ്. വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

(B) യൂറോപ്യന്മാരുടെ സമ്പർക്കത്തിലൂടെ എസ്കിമോകളുടെ ജീവിതരീതിയിൽ ഉണ്ടായ മാറ്റങ്ങൾ വിശദമാക്കുക.

20. വാണിജ്യബാങ്കുകൾ പ്രദാനം ചെയ്യുന്ന ബാങ്കിങ് സേവനങ്ങൾ എന്തെല്ലാം?

21. (A) ഫ്രഞ്ച് മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ പ്രധാന ആശയങ്ങൾ സൂചിപ്പിക്കുക.

**അല്ലെങ്കിൽ**

(B) നെപ്പോളിയൻ ഫ്രാൻസിൽ നടപ്പിലാക്കിയ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ വിലയിരുത്തുക.

22. ഭൂകമ്പങ്ങൾ ഉണ്ടാകുന്നതെങ്ങനെ? വ്യക്തമാക്കുക.

**23 മുതൽ 29 വരെയുള്ള ചോദ്യങ്ങൾക്ക് നാലോ അതിൽ കൂടുതലോ വാചകങ്ങളിൽ ഉത്തരമെഴുതണം. 4 സ്കോർ വീതം. (7 x 4 = 28)**

23. മെർക്കന്റലിസം എന്നാലെന്ത്? ഈ നയം യൂറോപ്യൻ രാജ്യങ്ങൾക്ക് തങ്ങളുടെ സമ്പത്ത് വർധിപ്പിക്കുന്നതിന് സഹായകമായിത്തീർന്നതെങ്ങനെ?

24. (A) i. പണപ്പെരുപ്പം എന്നാലെന്ത്?

ii. 2023 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഉപഭോക്തൃ പൊതു വിലസൂചികയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പമാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. പട്ടിക വിശകലനം ചെയ്ത് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

| | ആഗസ്റ്റ് 2023 | | | സെപ്റ്റംബർ 2023 | | |
|---|---|---|---|---|---|---|
| | ഗ്രാമം | നഗരം | മൊത്തം | ഗ്രാമം | നഗരം | മൊത്തം |
| ഇന്ത്യ | 7.02 | 6.59 | 6.83 | 5.33 | 4.65 | 5.02 |
| കേരളം | 6.40 | 6.08 | 6.26 | 4.59 | 4.93 | 4.72 |

*Source: Kerala Economic Review 2023*

a. ഇന്ത്യയിലെയും കേരളത്തിലെയും 2023 സെപ്റ്റംബറിലെ മൊത്തം പണപ്പെരുപ്പ നിരക്കുകൾ താരതമ്യം ചെയ്ത് നിഗമനം രൂപപ്പെടുത്തുക.

b. 2023 ആഗസ്റ്റിലെ മൊത്തം പണപ്പെരുപ്പ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ 2023 സെപ്റ്റംബറിൽ കേരളത്തിന്റെ മൊത്തം പണപ്പെരുപ്പ നിരക്കിലുണ്ടായ വ്യത്യാസം രേഖപ്പെടുത്തുക.

**അല്ലെങ്കിൽ**

(B) ഗവൺമെന്റിന്റെ ബാങ്കായും ബാങ്കുകളുടെ ബാങ്കായും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രവർത്തിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

25. നിസ്സഹകരണപ്രസ്ഥാനം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഒരു പ്രധാന സമരരീതിയായിരുന്നു. വിശദമാക്കുക.

26. സൂര്യന്റെ ആപേക്ഷിക സ്ഥാനമാറ്റം ടൺഡ്രാമേഖലയുടെ കാലാവസ്ഥാ സവിശേഷതകളെ സ്വാധീനിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

27. ഓരോ കാലത്തെയും കലയും സാഹിത്യവും അതത് കാലത്തെ പൊതുജനാഭിപ്രായ രൂപീകരണത്തെ വളരെയധികം സ്വാധീനിക്കാറുണ്ട്. ഉദാഹരണസഹിതം പ്രസ്താവന സമർഥിക്കുക.

28. ചുവടെ നൽകിയിരിക്കുന്ന ഭൂവിവരങ്ങൾ തിരിച്ചറിഞ്ഞ് ലോകഭൂപടരേഖയിൽ അടയാളപ്പെടുത്തുക.

a. അറ്റക്കാമ മരുഭൂമി
b. മെഡിറ്ററേനിയൻ കാലാവസ്ഥ അനുഭവപ്പെടുന്ന വടക്കേ അമേരിക്കയിലെ പ്രദേശം
c. ഡൗൺസ്
d. ഏഷ്യയിലെ മിതോഷ്ണ പുൽമേടുകൾ

29. നാട്ടുരാജ്യങ്ങളുടെ സംയോജനം പൂർത്തിയാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുക.

**30, 31 ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ വിശദീകരിച്ച് എഴുതണം. 5 സ്കോർ വീതം (2 x 5 = 10)**

30. (A) ഗാന്ധിയൻ സമരരീതികൾക്കൊപ്പം വ്യത്യസ്തമായ മറ്റ് മാർഗങ്ങളും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ സ്വാധീനിച്ചു. സൂചനകളുടെ അടിസ്ഥാനത്തിൽ പ്രസ്താവന സാധൂകരിക്കുക.

- വിപ്ലവ പ്രവർത്തനങ്ങൾ
- കർഷകമുന്നേറ്റങ്ങൾ

**അല്ലെങ്കിൽ**


(B) ഇരുപതാം നൂറ്റാണ്ടിൽ രൂപംകൊണ്ട സമഗ്രാധിപത്യം എന്ന ആശയം വ്യക്തമാക്കുക. ഇറ്റലിയിലും ജർമനിയിലും അധികാരത്തിൽ വന്ന സമഗ്രാധിപത്യ പ്രസ്ഥാനങ്ങളുടെ സമാനതകൾ പരിശോധിക്കുക.

31. (A) ആഗോള പാരിസ്ഥിതിക സന്തുലനം നിലനിർത്തുന്നതിൽ ഭൂമധ്യരേഖാകാലാവസ്ഥാ മേഖലയിലെ നൈസർഗിക സസ്യജാലങ്ങൾക്ക് നിർണ്ണായകമായ സ്വാധീനമുണ്ട്. പ്രസ്താവന വിലയിരുത്തുക.

**അല്ലെങ്കിൽ**

(B) അപക്ഷയം എന്നാലെന്ത്? വിവിധതരം അപക്ഷയ പ്രക്രിയകൾ വിശദമാക്കുക.

28.




MAP NOT TO SCALE